RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി.28.04.2020

**സർക്കുലർ നമ്പർ. 31/2020**

വിഷയം :- സഹകരണ വകുപ്പ് - കോവിഡ് 19 - സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒരു മാസത്തെ ശമ്പളം - ബഹുമാനപ്പെട്ടമുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നത് - സംബന്ധിച്ച്.

പരാമർശം :- സഹകരണ സംഘം രജിസ്ട്രാറുടെ 02.04.2020 ലെ 26/2020 നമ്പർ സർക്കുലർ.

സംസ്ഥാനത്ത് കൊവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ലോകത്തിനാകെ മാതൃകയായ പ്രവർത്തനമാണ് നമ്മുടെ സംസ്ഥാനത്തിൽ നടത്തിവരുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും, എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷണവും മറ്റ് സഹായങ്ങളും എത്തിക്കുന്നതിനായും, കേരളത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഉദാരമായി സംഭാവന നൽകുന്നതിനായി പരാമർശ പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും സഹകരണ സ്ഥാപനങ്ങൾ, സഹകാരികൾ ജീവനക്കാർ എന്നിവരിൽ നിന്നും ആവേശകരമായ പ്രതികരണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ജീവനക്കാരുടെ ഭാഗത്തുനിന്നും പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. അയതിലേയ്ക്ക് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും അവരവരുടെ ഒരു മാസത്തെ ശമ്പളം (അടിസ്ഥാന ശമ്പളം+ക്ഷാമബത്ത) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

1) ഈ ആവശ്യത്തിലേയ്ക്ക് ശമ്പളത്തിൽ നിന്നും ജീവനക്കാർ സംഭാവന നൽകിട്ടുണ്ടെങ്കിൽ അയത് ഒരുമാസത്തെ ശമ്പളതുകയിൽ നിന്നും കുറവ് വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി നൽകാവുന്നതാണ്.
2) ഇൻകംടാക്സ് റൂൾ 80 ജി പ്രകാരം ഇളവിന് അർഹതയുള്ളവർക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ആയത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടിവ് സ്വീകരിക്കേണ്ടതാണ്.
3) സംഘങ്ങൾക്ക് പരമാവധി 10 മാസം കൊണ്ട് തിരികെ അടക്കണമെന്ന വ്യവസ്ഥയിൽ ഈ ആവശ്യത്തിലേയ്ക്കായി ജീവനക്കാർ ആവശ്യപ്പെടുന്ന പക്ഷം ഒരുമാസത്തെ ശമ്പളം പലിശരഹിത അഡ്വാൻസായി നൽകാവുന്നതാണ്. ഈ

ആവശ്യത്തിലേയ്ക്ക് ജീവനക്കാരുടെ അർഹതപ്പെട്ട സറണ്ടർ ലീവ് സാലറി തുകയും വിനിയോഗിക്കാവുന്നതാണ്.

4) ഇപ്രകാരം സംഭാവനയായി ലഭിക്കുന്ന തുക ചീഫ് എക്സിക്യൂട്ടീവ് മാർ അതാതുമാസം തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി താഴെ പറയുന്ന അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ് .

**അക്കൗണ്ട് നം. 001101023000357**

IFSC : KSBK0000101

Kerala State Co-Operative Bank HO branch

5) അപ്പക്സ് സ്ഥാപനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്ന തുകയുടെ വിവരം നേരിട്ട് രജിസ്ട്രാർ ആഫീസിലും മറ്റ് സ്ഥാപനങ്ങൾ അതാത് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലും നൽകേണ്ടതാണ്.

ഒപ്പ്
എ.അലക്സാണ്ടർ., ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ്,
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം,
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്,
4. എല്ലാ അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകരന്റ് ആഡിറ്റർ എന്നിവർക്ക്,
5. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന,
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും,
7. മറ്റ് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം,
8. സെക്രട്ടറി, സംസ്ഥാന സഹകരമ യൂണിയൻ, തിരുവനന്തപുരം,
9. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും,
10. എഡിറ്റർ, സഹകരണ വീഥി,
11. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)